2. നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിനുപറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ലെന്നും,

3. കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും,

4. പ്രസ്തുത നെൽവയൽ, മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ലെന്നും ശിപാർശ ചെയ്താൽമാത്രമേ അപ്രകാരമുള്ള ഏതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നെൽവയലിന്റെ ഉടമസ്ഥന് വീടുവയ്ക്കുന്നതിനുവേണ്ടി, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി ശിപാർശ ചെയ്യുവാൻ പാടുള്ളതല്ല. നിയമത്തിലെ വകുപ്പ് 9(6) പ്രകാരം ജില്ലാതല അധികൃത സമിതിയുടെ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പതുദിവസത്തിനകം കളക്ടർക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ്.

(സി) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ വില്ലേജിന്റെ പരിധിയിൽ ആകെ 24 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടി 24 അപേക്ഷകർക്കും അനുമതി നൽകിയിട്ടുള്ളതുമാണെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*

മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ

146 (1179) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ വ്യാപകമായി നടക്കുന്ന വൻകിട കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച ഭൂമി വീണ്ടും കൃത്രിമ രേഖകൾ ഉണ്ടാക്കി കൈവശപ്പെടുത്തിയത് അറിവുള്ളതാണോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുസംബന്ധിച്ച വകുപ്പുതല അന്വേഷണങ്ങൾ ഉദ്യോഗസ്ഥ ഭ്രമാഫിയ കൂട്ടുകെട്ട് കാരണം അട്ടിമറിക്കപ്പെടുന്നത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ ;

(ഡി) കയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസുകളിൽ ഇതുവരെ റവന്യൂ വകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മൂന്നാർ പ്രദേശത്തെ ശ്രദ്ധയിൽപ്പെട്ട കയ്യേറ്റങ്ങൾ ദേവികുളം സബ് കളക്ടറുടെയും മൂന്നാർ സ്പെഷ്യൽ ഓഫീസറുടെയും ദേവികുളം തഹസീൽദാരുടെയും നേതൃത്വത്തിലും ഭൂസംരക്ഷണ സേനയുടെയും പോലീസിന്റെയും സഹായത്തോടെയും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻസർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച സർക്കാർ ഭൂമിയിൽ "സർക്കാർ വക" എന്ന് ബോർഡുകൾ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു. മൂന്നാറിലെ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും സജ്ജമാക്കിയിട്ടുണ്ട്.

(സി) വകുപ്പുതല അന്വേഷണ റിപ്പോർട്ടുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസ്സുകളിൽ ലഭ്യമായ റിക്കാർഡുകൾ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് ഹാജരാക്കുന്നുണ്ട്. കൂടാതെ റവന്യൂ സംബന്ധമായ കേസ്സുകളിൽ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് പരിചയസമ്പന്നരായ റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ റവന്യൂ അദാലത്തിലെ പരാതികൾ

147 (1180) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചത് ; ഇതിൽ തൽസമയം പരിഹാരം ഉണ്ടാക്കിയ പരാതികൾ എത്രയാണ് ;

(ബി) അദാലത്തിൽ ലഭിച്ച പരാതികളിൽ ഇനിയും തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളതിന്റെ എണ്ണം എത്രയാണ് ; ഈ പരാതികളിൽ തീർപ്പുണ്ടാക്കാൻ വൈകുന്നതിന്റെ കാരണം എന്താണ് ; അന്തിമ തീരുമാനം എപ്പോൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly